കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടമ്പൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1420/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ ജില്ല.

ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി : 18.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കടമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : കടമ്പൂർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

--------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1420/2017 തീയ്യതി :18.09.2017

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കടമ്പൂർ ഗ്രാമ പഞ്ചായത്ത് 14-10-2016 മുതൽ 31-7-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 1-8-2017 മുതൽ 9-8-2017 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശശീന്ദ്രൻ. കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീജ. കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. കെ. ഗിരീശൻ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ. ഉമേഷ് ബാബു കോട്ടായി | 1-4-2016 മുതൽ 31-3-2017 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കൃഷ്ണദാസ്. പി. | 1-4-2016 മുതൽ 9-11-2016 വരെ |
| | ശ്രീമതി. ദീപ്തി. ആർ. | 10-11-2016 മുതൽ 31-3-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി. തുളസി ചെങ്ങാട്ട്. | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. കടമ്പൂർ | ശ്രീ. റെനിൽ. പി.പി. | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സുജയ. വി.കെ. | 1-4-2016 മുതൽ 21-7-2016 വരെ |
| | ശ്രീമതി. ജമീല. സി. | 22-7-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഇസ്മയിൽ. സി.വി.ടി | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സുരേഷ് കുമാർ. വി.ആർ. | 1-4-2016 മുതൽ 14-4-2016 വരെ |
| | ഡോ. കിരൺ വിശ്വനാഥ് | 15-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ടി.വി. ബാലകൃഷ്ണൻ | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല | 1-11 |
| 12 | ഗ്രാമസഭ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 2-1 |
| 14 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി-മുൻവർഷങ്ങളിലെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ് | 2-2 |
| 15 | വസ്തുനികുതി പരിഷ്കരണത്തിലെ അപാകങ്ങൾ | 2-3 |
| 16 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17 | വസ്തുനികുതി വാർഷീക ധനകാര്യപത്രികയും-സഞ്ചയപ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-5 |
| 18 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നില്ല | 2-6 |
| 19 | ഡി & ഒ ലൈസൻസ് ഫീ കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല | 2-7 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 20 | തുല്യതാപഠനം - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹19,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 21 | തെരുവു നായകളുടെ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-2 |
| 22 | കംപ്യൂട്ടർ അനുബന്ധ സാമഗ്രികൾ പർച്ചേസ് ചെയ്യൽ- സ്പെസിഫിക്കേഷൻ നിർണ്ണയിക്കേണ്ടതും സാങ്കേതിക പരിശോധന നടത്തേണ്ടതുമാണ് | 3-3 |
| 23 | കാർഷീക മേഖലയിലെ പ്രൊജക്ടുകളുടെ ഫലപ്രാപ്തി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ് | 3-4 |
| 24 | പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-5 |
| 25 | പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജന പദ്ധതി -നടപടിക്രമങ്ങൾ ബൈലോതയ്യാറാക്കി<br>ചിട്ടപ്പെടുത്തേണ്ടതാണ് | 3-6 |
| 26 | സാന്ത്വന പരിചരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഹോംവിസിറ്റ് ദിനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ് | 3-7 |
| 27 | ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താകളും സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാകാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-8 |
| 28 | ക്ഷേമപെൻഷൻ-രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. പെൻഷൻ വിതരണ നടപടികൾ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. | 3-9 |

| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
|---|---|---|
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | അനുബന്ധങ്ങൾ | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 39 | റസീറ്റ് & പെയ്യ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം 2 |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം 3 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം 4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 1-3-2016 ലെ 29/16(1)-)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 20-3-2017 ലെ 2/53/17(1)-)ാനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ആകെ വരവ് ₹40356000യും ചെലവ് ₹39770200 യും നീക്കിയിരിപ്പ് ₹585800 യും പുതുക്കിയ ബജറ്റ് പ്രകാരം ആകെ വരവ് ₹41661008യും ചെലവ് ₹41140124 യും നീക്കിയിരിപ്പ് ₹520884യും എന്നാണ് ഭരണസമിതിയുടെ മിനട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മുന്നിരിപ്പ്, തൻവർഷം പ്രതീക്ഷിക്കുന്ന വരവ്, ആകെ വരവ്, തൻവർഷം പ്രതീക്ഷിക്കുന്ന ചെലവ്, നീക്കിയിരിപ്പ് എന്നിങ്ങനെയുള്ള രീതിയിൽ ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിന് പകരം ആകെ വരവും ചെലവും നീക്കിയിരിപ്പും മാത്രമാണ് അംഗീകരിച്ച ബജറ്റിൽ ഉൾപ്പെടുന്നത്. ബജറ്റ് ശരിയായ രീതിയിൽ തയ്യാറാക്കാത്തത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 11-7-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 7-8-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വർഷിക ധനകാര്യ പത്രിക RP-40 (b) പ്രകാരമുള്ള കാടാച്ചിറ സർവ്വീസ് സഹകരണ ബാങ്കിലെ (A/C No.80) നീക്കിയിരിപ്പ് അനുരഞ്ജനം നടത്തിയിട്ടില്ല.
2. വസ്തുനികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
3. വാർഷിക ധനകാര്യപത്രിക B-4 ഷെഡ്യൂൾ 'Total Sanitation എന്ന ശീർഷകത്തിൽ ₹1,71,000 യാണ് നീക്കിയിരിപ്പ്.
എന്നാൽ ഈയിനത്തിലെ യഥാർത്ഥ നീക്കിയിരിപ്പ് ₹1,30,000 മാത്രമാണ്.
4.തൊഴിൽ നികുതി ട്രയിഡേർസ് ഇനത്തിലെ തുകകൾ റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെന്നില്ല.
5. ട്രഷറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന്മാർ വ്യക്തിഗത ഗുണഭോക്താകൾക്കായി മാറുന്ന അലോട്ടുമെന്റ്
തുകകൾ ഗുണഭോക്താകൾക്ക് നൽകാനായി ബ്രിഡ്ജ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.
6. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല.
7. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

8. വാർഷീക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.
9.ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 33,85,481 |
| വരവ് | 2,98,43,530 |
| ആകെ | 3,32,29,011 |
| ചെലവ് | 2,89,20,619 |
| നീക്കിയിരിപ്പ് | 43,08,392 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻ വർഷത്തെ അലോട്ട് മെന്റ് തുക ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴി ക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | ഇല്ല | 6452324 | 6452324 | 6231203 | 221121 | 96.57 |
| വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 446883 | 446883 | 446883 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 23532 | 23532 | 23532 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ഇല്ല | 3805701 | 3805701 | 2329245 | 1476456 | 61.2 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ഇല്ല | 2554755 | 2554755 | 1857489 | 697266 | 72.71 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 3618340 | 3618340 | 2902461 | 715879 | 80.22 |

| | | | | | | |
|---|---|---|---|---|---|---|
| ലോകബാങ്ക് സഹായം | ഇല്ല | 1894963 | 1894963 | 954189 | 940774 | 50.35 |
| ബി. ഫണ്ട് | ഇല്ല | 33203380 | 33203380 | 33203380 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 531 | 5113987 | 5114518 | 5113768 | 750 | 99.98 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 113 | 2,52,64,079 | 89 | 1,75,46,374 | 2 | 24 | 76.99 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 19 | 16 | 3658876 | 2559912 | 69.96 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 365815 | 365815 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 47 | 29 | 10444364 | 6301347 | 60.33 |
| കൃഷി ഓഫീസർ | 6 | 6 | 2710618 | 2698818 | 99.56 |
| മെഡിക്കൽ ഓഫീസർ PHC | 3 | 3 | 567000 | 567000 | 100 |
| വെറ്റിനറി സർജൻ | 6 | 6 | 893000 | 621746 | 69.62 |
| വി.ഇ.ഒ | 16 | 13 | 3338200 | 1661635 | 49.78 |
| ഐ.സി.ഡി.എസ് | 6 | 6 | 3286206 | 2770101 | 84.29 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| ആകെ | 113 | 89 | 25264079 | 17546374 | 69.45 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2954062 | 3694444 | 740382 | (+)25.06 |
| നികുതിയേതര വരവുകൾ | 557603 | 687406 | 129803 | (+)23.28 |
| മറ്റ് വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 3511665 | 4381850 | 870185 | (+)24.78 |

## 1-8 ക്ഷേമപദ്ധതികൾ

2016-17വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 50280 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 1761560 | 167 |
| വിധവാ പെൻഷൻ | 8061710 | 666 |
| വാർദ്ധക്യകാല പെൻഷൻ | 19057140 | 1620 |
| വികലാംഗ പെൻഷൻ | 1699240 | 194 |
| അവിവാഹിത പെൻഷൻ | 1763450 | 163 |
| വിവാഹ ധനസഹായം | 810000 | 27 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)൦ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-8-2017 ന് 4.15 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ₹ 16,193 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-3-2011 | 2005-06 മുതൽ 2009-10 വരെ | 6-5-2011 |
| പെർഫോമൻസ് ഓഡിറ്റ് | 12-6-2017 മുതൽ 15-6-2017 വരെ | 1-1-2017മുതൽ 31-3-2017 വരെ | 22-6-2017 |

## 1-11 സംയുക്ത പ്രോജക്ടുകൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല.

വാർഷിക കണക്കിനോടനുബന്ധിച്ചുള്ള ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ₹11,18,257 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും അവാർഡ് തുകയായും ഗുണഭോക്തൃ വിഹിതമായും ലഭിച്ച തുകയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ചെലവഴിക്കാത്തപക്ഷം തിരിച്ചടക്കേണ്ടുന്ന തുക തിരിച്ചടക്കേണ്ടതാണ്.

## 1-12 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1.ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെവികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷികപദ്ധതി നിർദ്ദേശങ്ങളും.

2.രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃതെരഞ്ഞെടുപ്പും.

3.മൂന്നാമത്തെ ഗ്രാമസഭ – വാർഷികപദ്ധതി നിർവഹണവും, ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4.നാലാമത്തെ ഗ്രാമസഭ – പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽ ഓഡിറ്റും.

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2പ്രത്യേക ഗ്രാമസഭ ഉൾപ്പെടെ 5 തവണ വീതം ഗ്രാമസഭകൾ വിളിച്ചുചേർത്തിട്ടുണ്ട്. ഗ്രാമസഭകളിൽ പ്രധാനമായും പദ്ധതി ആസൂത്രണം, ഗുണഭോക്തൃതെരഞ്ഞെടുപ്പ്, തൊഴിലുറപ്പ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ്, വോട്ടർ പട്ടിക അംഗീകരിക്കൽ, ശുചിത്വം, മാലിന്യ നിർമാർജനം, എന്നിവ മാത്രമാണ് പ്രധാന ചർച്ചാവിഷയമായിട്ടുള്ളത്. മറ്റു വിഷയങ്ങളിൽ കാര്യമായ ചർച്ചകളൊന്നും ഉണ്ടായിട്ടില്ല. ഓരോ തലത്തിലെയും പെൻഷൻ സംബന്ധിച്ച് വ്യാപകമായ പ്രചരണം ഗ്രാമസഭാതലത്തിൽ നടത്തേണ്ടതും

പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ അർഹത നിശ്ചയിക്കുന്നതിന് അവലംബിച്ച മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട, തിരസ്കരിച്ച അപേക്ഷകൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3-8-2004 ലെ സർക്കുലർ നമ്പർ 22675/എൽ.3/99 ലെ 17-ാം നമ്പർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണെങ്കിലും ആയത് ചർച്ചചെയ്തിട്ടില്ലെന്ന് മിനുട്സുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഭരണ നിർവ്വഹണത്തിന്റെ അടിത്തറയായ ഗ്രാമസഭപ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശം പാലിക്കാനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം നമ്പർ സി.4/938/08 തീ. 4.7.2008 പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് ₹50യും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് ₹60 യുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് ₹50 എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

I. ഉടമസ്ഥന്റെ പേര് : എ പി അയമ്മദ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ബഹുനില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹60 /ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 25-8-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് | വിസ്തീർണ്ണം ($m^2$ | വസ്തുനികുതി(ഗ്രന്ഥശാലവരി5%, സേവന നികുതി2%, ഉൾപ്പടെ) ₹ | കുറിപ്പ് | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|

| | നമ്പർ | ൽ) | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് | | |
|---|---|---|---|---|---|---|---|
| 1 | 9-21E 6841 | 19.93 | 1280 | 1536 | 256 | 20% വർദ്ധനവ് | 11602102004 25-8-16 |
| 2 | 9-21F 6842 | 19.93 | 1280 | 1536 | 256 | 20% വർദ്ധനവ് | 11602102003 25-8-16 |
| 3 | 9-21G 6843 | 19.38 | 1246 | 1494 | 248 | 20% വർദ്ധനവ് | 11602102002 25-8-16 |
| 4 | 9-21H 6844 | 60.67 | 3897 | 4676 | 779 | 20% വർദ്ധനവ് | 11602102001 25-8-16 |
| | ആകെ | 119.91 | | | 1539 | | |

II. ഉടമസ്ഥന്റെ പേര് : കാരാക്കുനി പുതിയപുരയിൽ മൈമൂന

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഒരുനില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹60 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 2-4-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | വസ്തുനികുതി (ഗ്രന്ഥശാലവരി5%,സേവന നികുതി2%, ഉൾപ്പടെ) ₹ | | | കുറിപ്പ് | രസീത് നമ്പർ തീയ്യതി |
|---|---|---|---|---|---|---|---|
| | | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് | | |
| 1 | 9-255A 6756 | 83.12 | 5338 | 5338 | 0 | 20% വർദ്ധനവ് | - |
| 2 | 9-255B 6757 | 26.76 | 1720 | 1720 | 0 | 20% വർദ്ധനവ് | - |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 9-255C<br>6762 | 21.73 | 1397 | 1676 | 279 | 20% വർദ്ധനവ് | 11602100103<br>2-4-16 |
| | ആകെ | 131.61 | | | 279 | | |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിണയിച്ച് നഷ്ടമായ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി-മുൻവർഷങ്ങളിലെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 60രൂപ എന്നതിനു പകരം 50 രൂപ നിരക്കിൽ നിർണ്ണയിച്ചതിനാൽ മുൻവർഷങ്ങളിലും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ , 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മുൻവർഷങ്ങളിൽ നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയം പുനപരിശോധിച്ച് നഷ്ടം ഈടാക്കേണ്ടതാണ്.

## 2-3 വസ്തുനികുതി പരിഷ്കരണത്തിലെ അപാകങ്ങൾ

4-6-2013 ലെ സഉ(എം എസ്)210/2013/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും,സർചാർജ്ജും ചട്ടങ്ങൾ) പുതിയ നികുതിദായകർക്ക് 14-1-2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (1-4-2011 ന് മുമ്പ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക് ) 1-4-2013 മുതൽ ബാധകമാവുന്നതാണെന്നും 14-1-2011 മുതൽ 31-3-2013 വരെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട്ടങ്ങൾക്ക് ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് നികുതി പുനർനിർണയിക്കാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട് .എന്നാൽ ഗ്രാമപഞ്ചായത്തിൽ 14-1-2011 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ പുതിയതായി വസ്തുനികുതി നിർണയിച്ച മുഴവൻ കെട്ടിടങ്ങൾക്കും വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തിയിട്ടുള്ളത്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ല.ഇപ്രകാരം നികുതി നിർണയിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്.ആയതിനാൽ 14-1-2011 മുതൽ 31-3-2013 വരെയുള്ള പുതിയ നികുതിദായകരുടെ വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

സർക്കുലർ നമ്പർ 49590/ആർ.സി2/2011 തസ്വഭവ 12-04-2012 പ്രകാരം അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് 14-01-2011 മുതൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും ചട്ടങ്ങൾ) ബാധകമെന്നും ആയതിനനുസൃതമായി നികുതി ചുമത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാടാച്ചിറ ഇംഗ്ലീഷ് സ്കൂളിന് നാളിതുവരെ വസ്തുനികുതി

ഡിമാന്റ് ചെയ്തിട്ടില്ല. കടമ്പൂർ ഇംഗ്ലീഷ് സ്കൂൾ, പെർഫക്ട് ഇംഗ്ലീഷ് സ്കൂൾ എന്നീ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2013-14 വർഷം മുതൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ₹1,45,472 പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കാടാച്ചിറ ഇംഗ്ലീഷ് സ്കൂളിന് വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറ്റ് രണ്ട് സ്കൂളിൽ നിന്നും കുടിശ്ശിക അടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ബഹു.കേരള ഹൈക്കോടതിയുടെ 4-4-2017 തീയതിയിലെ ഡബ്ലു പി (സി)36533 ഉത്തരവ് പ്രകാരം അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നത് മറ്റൊരു ഉത്തരവ് വരുന്നതുവരെ സ്റ്റേ ചെയ്തിട്ടുള്ളതിനാൽ കുടിശ്ശിക ഈടാക്കാൻ സാധ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് പരിശോധിച്ചതിൽ കേരള സി ബി എസ് ഇ മാനേജ്മെന്റ് അസോസിയേഷനിൽ അംഗത്വം ഉള്ളവർക്ക് മാത്രമാണ് മേൽ ഉത്തരവ് ബാധകമാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരള സി ബി എസ് ഇ മാനേജ്മെന്റ് അസോസിയേഷനിൽ അംഗത്വം ഉള്ളവരാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും അംഗത്വം ഇല്ലാത്തവരാണെങ്കിൽ വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെടാൻ ഇടവരുത്താതെ കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി വാർഷിക ധനകാര്യപത്രികയും-സഞ്ചയപ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല - കുടിശ്ശിക പിരിച്ചെടുക്കുവാൻ ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷീക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B15 പ്രകാരം വസ്തുനികുതിയിനത്തിൽ ആകെ ₹ 16,88,093 പിരിച്ചെടുക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ 2016-17 ലെ സഞ്ചയറിപ്പോർട്ട് പ്രകാരം വസ്തുനികുതി കുടിശ്ശിക ₹ 8,53,127 മാത്രമാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിട്ടില്ലാത്തതിനാൽ ഈ കുടിശ്ശിക സംബന്ധിച്ച യഥാർത്ഥകണക്ക് ലഭ്യമല്ല. 2016-17വർഷത്തെ വാർഷീക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റുതുകയും വരവ് തുകയും പരിശോധിച്ചാൽ ബാലൻസ് ലീസ്റ്റിൽ കുടിശ്ശികയായി കാണിച്ച തുകയുമായി പൊരുത്തപ്പെടുന്നുമില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു..

വാർഷീക ധനകാര്യ പത്രിക 1-1 പ്രകാരം വസ്തുനികുതി ഡിമാന്റ് : ₹ 21,70,679

വരവ്- RP 43 പ്രകാരം : ₹ 22,38,965

Residential Building Current : ₹ 14,37,222

Residential Building Arrear : ₹ 4,57,019

Non Residential Building Current : ₹ 2,48,958

Non Residential Building Arrear : ₹ 93,874

2015-16 വാർഷീക ധനകാര്യപത്രിക B9 : ₹ 1892

പ്രകാരമുള്ള വസ്തുനികുതി അഡ്വാൻസ് കലക്ഷൻ

ആകെ : ₹ 22,38,965

മേൽപ്പറഞ്ഞത് പ്രകാരം 2016-17 ൽ വസ്തുനികുതി ഡിമാന്റിനെക്കാൾ ₹68,286 (21,70,679-2338965= 68,286) അധികമായി പിരിച്ചതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 2016-17 ബാലൻസ് പത്രിക B15 പ്രകാരം വസ്തുനികുതി കുടിശ്ശികയായി Residential Building Current -ഇനത്തിൽ ₹ 3,46,277യും, Residential Building Arrearഇനത്തിൽ ₹13,41,816 യും ഉൾപ്പെടെ ആകെ ₹ 16,88,093 പിരിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2016-17 ലെ സഞ്ചയ DCB റിപ്പോർട്ട് പ്രകാരം വസ്തുനികുതിയിനത്തിലെ കുടിശ്ശിക ₹ 8,53,127 മാത്രമാണ്. വസ്തുനികുതിയിനത്തിലെ ഈ പൊരുത്തക്കേട് അധികൃതർക്ക് വിശദികരിക്കാനായിട്ടില്ല. വസ്തുനികുതി സംബന്ധിച്ച യഥാർത്ഥ കണക്കുകൾ തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയമായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ് ഫീ കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല

2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 305വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ 54 പുതിയ വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെ 309 വ്യാപാരസ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയുട്ടുള്ളത്. ബാക്കിയുള്ള 50 സ്ഥാപനങ്ങൾ [305-255(309--54)] ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ചില സ്ഥാപനങ്ങളിൽ കെട്ടിടം, ഉടമസ്ഥത, ഉല്പന്നങ്ങൾ എന്നിവയിൽ മാറ്റം വന്നതിനാൽ പുതിയതായി ലൈസൻസ് അനുവദിക്കുകയാണുണ്ടായതെന്നും മറ്റുള്ളവയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതും ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളതുമായ ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ് തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരു പരിശോധനയും നടത്താതെയാണ് സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി

സൂക്ഷിച്ചിട്ടുമില്ല.ആയതിനാൽ ഡി & ഒ ലൈസൻസ് ഡിമാന്റ് കണക്കാക്കിയിട്ടുള്ളത് പരിശോധന റിപ്പോർട്ടിന്റെയോ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെയോ അടിസ്ഥാനത്തിലല്ല എന്നും മറിച്ച് പിരിച്ചെടുത്ത തുക തന്നെ ഡിമാന്റായി കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തുല്യതാപഠനം - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹19,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 138/17

പ്രൊജക്ടിന്റെ പേര് : തുല്യതാപഠനം

അടങ്കൽ തുക : ₹20,000 തനത് ഫണ്ട്

ചെലവ് തുക : ₹19,500 വൗച്ചർ നമ്പർ/ തീയ്യതി : 21600953/27-3-2017

ജില്ലാ സാക്ഷരതാ മിഷൻ സെക്രട്ടറിയുടെ 4-3-2017 ലെ F.1/F10-504/17/DLMKNR നമ്പർ കത്ത് പ്രകാരം തുല്യതാ പഠനത്തിന് ഒരു പഠിതാവിന് കോഴ്സ് ഫീസായി ₹1,500 പ്രകാരം താഴെപ്പറയുന്ന13 പഠിതാക്കൾക്ക് ആകെ ₹19,500 കേരള ലിറ്ററസി മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ₹19,500 കൈപ്പറ്റിയതിന്റെ വിവരം, പഠിതാക്കൾ പത്താം തരം തുല്യതാപഠനത്തിന് രജിസ്ട്രേഷൻ നടത്തിയതിന്റെ വിവരം, പഠിതാക്കൾ പത്താം തരം പരീക്ഷ എഴുതിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹19,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പഠിതാവിന്റെ പേര്, വിലാസം |
|---|---|
| 1 | സനിൽ. ടി.കെ, തട്ടുപറമ്പിൽ, ആഡൂർ |
| 2 | ബൈജു. കെ, നടുവിലെ വളപ്പിൽ, കോട്ടൂർ |
| 3 | അഷറഫ്. ടി.വി, താഴത്തെ വീട്ടിൽ, കോട്ടൂർ |
| 4 | സക്കീർ ചിതേത്താൻകണ്ടി, ദാറുൽ അമൻ, കോട്ടൂർ |
| 5 | സുകേഷ്. എം, തൈവളപ്പിൽ, ആഡൂർ |
| 6 | സലീം കുഞ്ഞിപ്പുര, ആഡൂർ |
| 7 | നിധിൻകുമാർ. ഇ.പി, എരഞ്ഞിക്കൽ, പാറമ്മേൽ, ആഡൂർ |

| | |
|---|---|
| 8 | അനിൽകുമാർ. എം.സി, കോങ്ങാട്ട് ഹൗസ്, ആഡൂർ |
| 9 | സാജിദ് ചാത്തോത്ത്, റുഖിയ മൻസിൽ, കോട്ടൂർ |
| 10 | നിശാന്ത്. സി.വി, ചെറിയവീട്, എടക്കാട് |
| 11 | സക്കീർ, എം.കെ, മലയൻകണ്ടി കുന്നുമ്പ്രം, കോട്ടൂർ |
| 12 | ഫാത്തിമ. പി, പാറേത്ത്, കോട്ടൂർ |
| 13 | ജിധിൻ. കെ.പി, കൊട്ടാടിച്ചാലിൽ, കടമ്പൂർ |

## 3-2 തെരുവു നായകളുടെ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 102/17

പ്രൊജക്ടിന്റെ പേര് : ABC പ്രോഗ്രാം വിഹിതം നൽകൽ

അടങ്കൽ തുക : ₹1,00,000 തനത് ഫണ്ട്

ചെലവ് തുക : ₹1,00,000 വൗച്ചർ നമ്പർ/തീയ്യതി : 21600679/28-12-2016

കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത പദ്ധതിയായ തെരുവു നായ പ്രജനന നിയന്ത്രണ ABC-ARV പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടമ്പൂർ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ABC പ്രോഗ്രാം വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം ₹1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ₹1,00,000 യുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-3 കംപ്യൂട്ടർ അനുബന്ധ സാമഗ്രികൾ പർച്ചേസ് ചെയ്യൽ- സ്പെസിഫിക്കേഷൻ നിർണ്ണയിക്കേണ്ടതും സാങ്കേതിക പരിശോധന നടത്തേണ്ടതുമാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ PHC

പ്രൊജക്ട് നമ്പർ : 55/17

പ്രൊജക്ടിന്റെ പേര് : പി.എച്ച്.സി ഫാർമസിയിലേക്ക് കംപ്യൂട്ടർ വാങ്ങൽ

അടങ്കൽ : ₹50,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹50,000 ബിൽ നമ്പർ/തീയ്യതി : 8/16-17/16-3-2017

കടമ്പൂർ ഗ്രാമ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ₹ 50,000രൂപ ചെലവഴിച്ച് ഒരു കംപ്യൂട്ടർ വാങ്ങുകയുണ്ടായി. പ്രസ്തുത കംപ്യൂട്ടർ ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഓഫീസിന്റെ ഇപ്പോഴത്തെയും ഭാവിയിലെയും ആവശ്യകത പരിഗണിച്ചുകൊണ്ട് കംപ്യൂട്ടറിന് ആവശ്യമായ സ്പെസിഫിക്കേഷൻ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും

വാങ്ങിച്ചിട്ടില്ല. ക്വട്ടേഷൻ പ്രകാരം വാങ്ങിയ കംപ്യൂട്ടർ ഏജൻസി അവകാശപ്പെട്ട സ്പെസിഫിക്കേഷൻ പൂർണ്ണമായും പാലിച്ചിട്ടുള്ളതാണോ എന്നത് ഉറപ്പുവരുത്തുന്നതിന് PWD ഇല്ക്ട്രോണിക്ക് വിഭാഗത്തിൽനിന്നുള്ള സാങ്കേതിക പരിശോധന സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുമില്ല. ഇലക്ട്രോണിക്സ് സാമഗ്രികൾ ടെണ്ടർ / ക്വട്ടേഷൻ മുഖാന്തിരം വാങ്ങുന്നതിന് മുൻപ് പ്രസ്തുത സാമഗ്രികളുടെ സ്പെസിഫിക്കേഷൻ നിർണ്ണയിക്കേണ്ടതും, ഡീലർ സാമഗ്രികൾ വിതരണംചെയ്യാൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതുതന്നെയാണ് വിതരണം ചെയ്തിട്ടുള്ളത് എന്നത് ഉറപ്പുവരുത്തുവാൻ PWD Electronic വിഭാഗത്തിൽ നിന്നും ഇതുസംബന്ധിച്ച സാങ്കേതിക പരിശോധനാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് മുൻപ് സർക്കാർ അംഗീകൃത DG&SD ലിസ്റ്റിൽ പ്രസ്തുത സാമഗ്രികൾ ലഭ്യമാണോ എന്നുകൂടി പരിശോധിക്കേണ്ടതാണ്.

## 3-4 കാർഷിക മേഖലയിലെ പ്രൊജക്ടുകളുടെ ഫലപ്രാപ്തി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 30 /16-17

പ്രൊജക്ടിന്റെ പേര് : നാളികേരകൃഷി പ്രദർശനത്തോട്ടം

അടങ്കൽ : ₹ 59,925 വികസന ഫണ്ട്

ചെലവ് തുക : ₹ 43750 ബിൽ നമ്പർ/തീയ്യതി : 6/16-17/ 29 -3-2017

നാളികേരകൃഷി പ്രദർശ്ശനത്തോട്ടം എന്ന ഈ പ്രൊജക്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 5 നാളികേര കർഷകരെ പ്രത്യേകമായി തിരഞ്ഞെടുത്ത് അവരുടെ കൃഷിത്തോട്ടത്തിലേക്ക് ഹൈബ്രിഡ് തെങ്ങിൻ തൈകളും അവയ്ക്ക് ആവശ്യമായ അളവിൽ കംബോസ്റ്റ് വളങ്ങൾ ഡോളോമസ്, വേപ്പിൻപിണ്ണാക്ക് എന്നിവ വിതരണം നടത്തുക എന്ന പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. ഈ സ്കീമിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് നൽകിയ ജൈവവളത്തിന്റെ അളവ് ചുവടെകൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വിതരണം ചെയ്ത ജൈവവളങ്ങളുടെ വിവരം | വിതരണം ചെയ്ത അളവ് കിലോഗ്രാമിൽ | വിതരണം ചെയ്ത വളത്തിന്റെ ആകെ തുക | അനുവദിച്ച സബ്സീഡി തുക |
|---|---|---|---|---|
| ബീന.പി | ചകിരിച്ചോർ<br>ഡോളോമസ്<br>വേപ്പിൻപിണ്ണാക്ക് | 300<br>30<br>150 | 4500<br>210<br>3900 | 6250 |
| ചന്ദ്രൻ. പി | ചകിരിച്ചോർ | 150 | 2250 | 3125 |

| | | | | |
|---|---|---|---|---|
| | ഡോളോമസ്<br>വേപ്പിൻപിണ്ണാക്ക് | 15<br>75 | 105<br>1950 | |
| വിനയരാജൻ.ഡി.സി | ചകിരിച്ചോർ<br>ഡോളോമസ്<br>വേപ്പിൻപിണ്ണാക്ക് | 600<br>60<br>300 | 9000<br>420<br>7800 | 12500 |
| മനോഹരൻ.ടി,വി | ചകിരിച്ചോർ<br>ഡോളോമസ്<br>വേപ്പിൻപിണ്ണാക്ക് | 150<br>15<br>75 | 2250<br>105<br>1950 | 3125 |
| മുല്ലോളി ലീല | ചകിരിച്ചോർ<br>ഡോളോമസ്<br>വേപ്പിൻപിണ്ണാക്ക് | 300<br>30<br>150 | 4500<br>210<br>3900 | 6250 |
| | | ആകെ നൽകിയ സബ്സീഡി തുക | | 31250 |

ഈ വിധം ₹ 31250 സബ്സിഡിയായി നൽകുന്നതിനും, ഈ പ്രൊജക്ടിന്റെ ഭാഗമായി 75 ഹൈബ്രിഡ് തെങ്ങിൽ തൈകൾ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പീലിക്കോട് സെന്ററിൽ നിന്നും വാങ്ങുന്നതിന് ₹ 12500 രൂപയും ഉൾപ്പെടെ ആകെ ₹ 43750 ചെലവഴിച്ചിട്ടുണ്ട്. തെങ്ങ് കൃഷി വികസന പദ്ധതി എന്നവിഭാഗത്തിൽ പ്രൊജക്ട് നമ്പർ 24/17 പ്രകാരം 1152 ഗുണഭോക്താകൾക്ക് വിവിധ ജൈവവളങ്ങളും, രാസവളവും വിതരണം ചെയ്തിട്ടുണ്ട്. നാളികേര പ്രദർശനത്തോട്ടം എന്നപേരിൽ നടപ്പാക്കിയ പ്രൊജക്ടിന് പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഇതു സംബന്ധിച്ച് കൃഷി ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഉല്പാദനക്ഷമത കൂടിയ ഹൈബ്രിഡ് ഇനങ്ങൾ നട്ട് പരിപാലിക്കാൻ തയ്യാറുള്ള കർഷകർക്ക് തൈകൾ വിതരണം ചെയ്ത് അതിന്റെ ഗുണഫലങ്ങൾ മറ്റ് കർഷകരെ കൂടി ബോധ്യപ്പെടുത്തുക എന്നതാണ് ഈ പ്രൊജക്ടിന്റെ ലക്ഷ്യം എന്നാണ് അറിയിച്ചത്. ഈ പ്രൊജക്ടിലെ ഗുണഭോക്താക്കൾ അവരുടെ തോട്ടം കൃത്യമായി പരിപാലിക്കുന്നുണ്ടെന്നും ഈ മേഖലയിൽ മറ്റു കർഷകരെ ആകർഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗും, തുടർ പ്രവർത്തനങ്ങളും ഉണ്ടാവേണ്ടതാണ്.

## 3-5 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വൗച്ചർ നമ്പർ : 21600053 തീയതി, 30-4-2016

തുക : ₹ 35,438

വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് പ്രകാരം 81 പൊതു ടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ ₹35,438 രൂപയാണ് പ്രതിമാസം ഒടുക്കിവരുന്നത്. 31-3-2016 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കര കുടിശ്ശിക ഇനത്തിൽ മുന്നിരിപ്പായി ₹49,504 യും പലിശ ഇനത്തിൽ ₹971 യും തൻവർഷ ഡിമാന്റ് തുകയായ ₹ 35,438 യോടൊപ്പം കാണിച്ചിട്ടുണ്ട്. ഈ തുകയിൽ തൻവർഷ ഡിമാന്റ് തുകയായി ഡിമാന്റ് നോട്ടീസിൽ കാണിച്ചുവരുന്ന ₹35,438 യാണ് പ്രതിമാസ വാട്ടർ ചാർജായി 2016-17 കാലയളവിൽ ഒടുക്കിവന്നിട്ടുള്ളത്. ഈ വിധം 2017 മാർച്ച് മാസത്തിലെ ഡിമാന്റ് നോട്ടീസിൽ താഴെപറയും പ്രകാരം തുക ഒടുക്കുവാൻ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

| കുടിശ്ശിക | തുക |
|---|---|
| മുൻബാക്കി 2/2017 വരെ | ₹61,297.00 |
| പലിശ | ₹1,202.00 |
| തൻവർഷ ഡിമാന്റ് | ₹35,438.00 |
| ആകെ തുക | ₹97,937.00 |

2013 ജനവരിമാസം വരെ 42 പൊതുടാപ്പുകൾക്ക് പ്രതിവർഷം ₹3500 നിരക്കിലാണ് തുക ഒടുക്കിയിരുന്നത്.എന്നാൽ 2013 ഫിബ്രവരി മുതൽ 96 പൊതുടാപ്പുകളുടെ ചാർജ്ജാണ് ഒടുക്കുവാൻ ആവശ്യപ്പെട്ടത്.എന്നാൽ സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി മാത്രമേ വർദ്ധിച്ച ചാർജ് ഒടുക്കുകയുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് അധികൃത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2013 ജനവരിമാസം ഒടുക്കിയത് പോലെ 42 ടാപ്പുകളുടെ ചാർജ്ജാണ് ഗ്രാമപഞ്ചായത്ത് തുടർന്നും ഒടുക്കിവന്നത്. എന്നാൽ സംയുക്തപരിശോധന നടത്തി 81 പൊതുടാപ്പുകൾ ഉള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2013 ഫിബ്രവരിമുതൽ ഡിമാന്റ് ചെയ്ത 81 ടാപ്പുകളുടെ ചാർജ്ജ് കുടിശ്ശിക സഹിതം ഒടുക്കുകയുണ്ടായി. എന്നാൽ ഈ കുടിശ്ശികതുകയോടൊപ്പം ഡിമാന്റ്ചെയ്ത പലിശ ഒടുക്കുകയുണ്ടായില്ല. ഈ പലിശയിനത്തിൽ പ്രതിമാസം വർദ്ധിച്ചുവന്ന തുകയാണ് ഇപ്പോൾ ഡിമാന്റ് ചെയ്തുവരുന്ന കുടിശ്ശിക തുക . പ്രസ്തുത കുടിശ്ശിക ഒഴിവാക്കികിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം കുടിശ്ശിക തുക വർദ്ധിച്ച വരാതിരിക്കാനായി അടിയന്തിരമായി ഒടുക്കുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജന പദ്ധതി -നടപടിക്രമങ്ങൾ ബൈലോതയ്യാറാക്കി ചിട്ടപ്പെടുത്തേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രൊജക്ട് നമ്പർ : 109/17

പ്രൊജക്ടിന്റെ പേര് : പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജന പദ്ധതി

അടങ്കൽ : ₹1,04,000 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹2,00,000 തനത് ഫണ്ട്

ആകെ : ₹3,04,000

ചെലവ് തുക : ₹6,800 ചെക്ക് നമ്പർ/തീയ്യതി : 3012719/13-3-2017

: ₹40,000 ചെക്ക് നമ്പർ/തീയ്യതി : 3012760/30-3-2017

ആകെ : ₹46,800 തനത് ഫണ്ട്

മേൽ പ്രൊജക്ട് പ്രകാരം ഗാർഹിക മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ₹46,800 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് താഴെപറയുന്ന പ്രവർത്തനങ്ങളാണ് പ്രൊജക്ടിന്റെ ഭാഗമായി നിർവ്വഹിക്കുന്നത്. വീട്ടുപരിസരങ്ങളും പൊതുവഴികളും പ്ലാസ്റ്റിക്ക് വിമുക്തമാക്കാൻ ഗ്രാമപഞ്ചായത്തിന്റെ 13 വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത 2 വീതം ശുചിത്വ വളർണ്ടിയർമ്മാർ നേരിട്ട് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ യൂണിറ്റിൽ എത്തിക്കുകയാണ് ചെയ്യുന്നത് . ഈ വിധം സംസ്കരണയൂണിറ്റിൽ എത്തിക്കുന്നതിനുള്ള വണ്ടി വാടക തനത് ഫണ്ടിൽനിന്നാണ് നൽകുന്നത്, ഈയിനത്തിലെ ചെലവാണ് മേൽ വൗച്ചർ പ്രകാരം ചെലവഴിച്ച ₹ 46,800 ഓരോ വീട്ടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ₹10 ഫീസ് ചുമത്തുന്നതായും ഈയിനത്തിൽ ഉണ്ടാകുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത തുക ഉപയോഗികുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ വിധം പിരിക്കുന്നതുകയിൽ ഒരുചെറിയഭാഗം തുക ഗ്രാമപഞ്ചായത്തിന് കൈമാറുന്നതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിഇ,ഒ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ (എസ്.ബി.ഐ. കാടാച്ചിറ അക്കൗണ്ട് നമ്പർ 67391417770) നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ 5-6-2017 വരെ ₹ 7489 യുടെ നീക്കിയിരിപ്പുണ്ട്. ഈ പ്രൊജക്ട് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു, നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ കണക്ക് പ്രകാരം ഈയിനത്തിൽ ലഭിച്ച തുകയുടെ വിശദവിവരംചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2016-17 ൽ പിരിച്ചെടുത്ത തുക | 93202 |
| ഇതിൽ വളണ്ടിയർമ്മാർക്ക് നൽകുന്ന തുക | 82852 |
| ഗ്രാമപഞ്ചായത്ത് വിഹിതമായി ഒടുക്കിയ തുക | 10350 |

1. എന്നാൽ ഈവിധം ലഭിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷീക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്താതെ വാർഡ്തല ശുചിത്വ കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രത്യേകമായി ഈ പ്രവൃത്തി നിർവ്വഹിക്കാനാണ് ഭരണസമിതി തീരുമാനിച്ചത്. പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിക്കും, ശുചിത്വ മാലിന്യ സംസ്കരണ വർക്കിംഗ് ഗ്രൂപ്പിനുമാണ് ഈ പദ്ധതിയുടെ ഇപ്പോഴത്തെ ചുമതല ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിക്കുന്ന തുക മാത്രമാണ് പ്രസിഡന്റിന്റെയും. വി.ഇ.ഒ യുടെയും അക്കൗണ്ടിൽ വരുന്നത്. വളണ്ടിയർമ്മാർക്കുള്ള പ്രതിഫലം, ഈ വിധം ലഭിക്കുന്ന ഫണ്ടിൽ നിന്നും എടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രൊജക്ട് സംബന്ധിച്ച ഓഡിറ്റ് ശുപാർശകൾ ചുവടെകൊടുക്കുന്നു.

1. മാലിന്യസംസ്കരണപ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും ധസസമാഹരണം നടത്തികൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത് എന്നതിനാൽ ഇതു സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്ന തരത്തിലുള്ള ബൈലോ തയ്യാറാക്കേണ്ടതാണ്.
2. പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക്നിക്ഷേപിക്കേണ്ടതാണ്.
3. തുക സമാഹരിക്കുന്നത് സംബന്ധിച്ച വരവ് ചെലവുകൾ കൃത്യമായി രജിസ്റ്ററിൽ തയ്യാറാക്കേണ്ടതാണ്
4. പൊതുജനങ്ങളിൽ നിന്നും തുക സമാഹരിക്കുന്നതിന് സീരിയൽ നമ്പർ ക്രമത്തിൽ രസീത് ബുക്കുകൾ തയ്യാറാക്കേണ്ടതും ആയതിന് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്.
5. ഈ പ്രൊജക്ടിൽ വാർഡ് തലത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരണകേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള ചെലവ് ഇപ്പോൾ തനത്ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. എന്നാൽ മാലിന്യ സംസ്കരണ പ്രവർത്തനത്തിന് വർഷങ്ങൾക്ക് മുൻപ് കുടുംബശ്രീ സീ.ഡി.എസ് മുഖാന്തിരം വാങ്ങിയ വാഹനം വർഷങ്ങളായി പ്രവർത്തനരഹിതമായി ഓഫീസ് കോമ്പൗണ്ടിൽ കിടക്കുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസുമായി ബന്ധപ്പെട്ട് പ്രസ്തുത വാഹനം റിപ്പയർ ചെയ്ത് മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുള്ള നടപടി സ്വികരിക്കേണ്ടതാണ്.
6. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, വാർഡ് തല ശുചിത്വ കമ്മറ്റി എന്നി തലങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.
7. വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന വോളണ്ടിയർമ്മാർക്ക് അവരുടെ അധ്വാനത്തിന് അനുസൃതമായ കൂലിനൽകുന്നതിനും, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ തുകയെങ്കിലും ഈ മേഖലയിൽ നിന്നും കണ്ടെത്തേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്യേണ്ടതും ഇതുമായി ബന്ധപ്പെട്ട എല്ലാപ്രവർത്തനങ്ങളും കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതുമാണ്.

## 3-7 സാന്ത്വന പരിചരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഹോംവിസിറ്റ് ദിനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ PHC

പ്രൊജക്ട് നമ്പർ : 36/17

പ്രൊജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ

അടങ്കൽ : ₹3,97,000 വികസന ഫണ്ട്

: ₹1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹4,97,000

ചെലവ് തുക : ₹1,44,181 ബിൽ നമ്പർ/തീയ്യതി : 1/16-17/30-9-2017

: ₹ 45,030 ബിൽ നമ്പർ/തീയ്യതി : 2/16-17 തീയതി, 19-11-2016

: ₹13,932 ബിൽ നമ്പർ/തീയ്യതി :3/16-17 തീയതി, 28-12-2016

: ₹ 41,909 ബിൽ നമ്പർ/തീയ്യതി :4/16-17 തീയതി, 30-1-2017

: ₹ 48,500 ബിൽ നമ്പർ/തീയ്യതി :5/16-17 തീയതി, 28-2-2017

: ₹71,848 ബിൽ നമ്പർ/തീയ്യതി :6/16-17 തീയതി, 16-3-2017

: ₹31,600 ബിൽ നമ്പർ/തീയ്യതി :7/16-17 തീയതി 28-3-2017

: ₹1,00,000 ചെക്ക് നമ്പർ/തീയ്യതി : 03012757/29-3-2017

ആകെ : ₹4,97,000

പന്ത്രണ്ടാം പദ്ധതികാലയളവിൽ നടപ്പാക്കിയതിൽ പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനപ്പെട്ട പ്രൊജക്ടാണ് പാലിയേറ്റിവ് പരിചരണം ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണം അവരുടെ വീടുകളിൽ ചെന്ന് നടത്തുന്നുഎന്നത് തന്നെയാണ് ഈ പ്രൊജക്ടിനെ വ്യത്യസ്തമാക്കുന്നത്. ഓരോ രോഗിയുടെയും ആവശ്യവും ലഭ്യമാക്കേണ്ടുന്ന പരിചരണവും അനുസരിച്ച് ഓരോ മാസത്തിൽ എത്ര ഹോംകെയർ നൽകണമെന്ന് പാലിയേറ്റീവ് കെയർ നഴ്സ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയെ അറിയിക്കേണ്ടതാണ്. അതുപ്രകാരം ആഴ്ചയിൽ എത്ര ഹോംകെയർ ദിനങ്ങൾ വേണമെന്ന് പാലിയേറ്റീവ് കേയർ മാനേജ്മെന്റ് കമ്മറ്റി തീരുമാനം എടുക്കണം. പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ സെക്കൻഡറി ലെവൽ ഹോം കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി 2016-17 സാമ്പത്തീക വർഷം മുതൽ ആഴ്ചയിൽ കുറഞ്ഞത് 4 എന്ന വിധത്തിൽ ഒരുമാസം 16 ഹോം കെയർ ദിനങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷം നടപ്പാക്കിയ പ്രൊജക്ടിൽ 150 രോഗികളെയാണ് രജിസ്റ്റർ ചെയ്തിരുന്നത് ഇവരുടെ പരിചരണത്തിനായി ലഭിച്ച ഹോം കെയർ ദിനങ്ങൾ ഉപയോഗപ്പെടുത്തി ഇത്രയും രോഗികളെ സന്ദർശിക്കുവാൻ സാധിക്കുന്നില്ല. 2016-17 കാലയളവിൽ ഹോംകെയർ നടത്തിയ കാലയളവ് സംബന്ധിച്ച് വിവരം ചുവടെ കൊടുക്കുന്നു.

| മാസം | ഹോം വിസിറ്റ് യാത്രകളുടെ എണ്ണം. | പരിശോധിച്ച രോഗികളുടെ എണ്ണം |
|---|---|---|
| ഏപ്രിൽ | 15 | 114 |
| മെയ് | 15 | 115 |
| ജൂൺ | 16 | 128 |
| ജൂലൈ | 16 | 114 |
| ആഗസ്റ്റ് | 14 | 119 |
| സപ്തംബർ | 16 | 133 |
| ഒക്ടോബർ | 15 | 117 |

| | | |
|---|---|---|
| നവംമ്പർ | 16 | 124 |
| ഡിസംബർ | 16 | 118 |
| ജനുവരി | 16 | 119 |
| ഫിബ്രവരി | 16 | 121 |
| മാർച്ച് | 16 | 110 |

മേൽ പട്ടിക പ്രകാരം 8 മാസങ്ങളിൽ മാത്രമാണ് നിർദ്ദേശപ്രകാരമുള്ള 16 ഹോം കെയർ ദിനങ്ങൾ ലഭ്യമായിട്ടുള്ളത്. പരിചരണം അർഹിക്കുന്ന 150 രോഗികളെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 16 ഹോംകെയർ ദിനങ്ങൾ പൂർത്തിയാക്കിയ മാസങ്ങളിൽപോലും 150 രോഗികളുടെയും പരിചരണം സാദ്ധ്യമായിട്ടില്ല. പരിചരണത്തിനായി രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം അനുസരിച്ചല്ല ഹോംകെയർ ദിനങ്ങൾ നിശ്ചയിക്കേണ്ടത്. സാന്ത്വനപരിചരണം ആവശ്യമായ വ്യക്തിക്ക് ഒന്നിൽ കൂടുതൽ തവണ പരിചരണം ലഭ്യമാക്കുവാനും കൃത്യമായ തുടർ ചികിത്സ ഉണ്ടാക്കുവാനും വേണ്ടിയുള്ള ഹോംകെയർ ദിനങ്ങൾ നിശ്ചയിക്കേണ്ടതാണ് ഓരോ രോഗിയുടെയും ആവശ്യവും ലഭ്യമാക്കേണ്ട പരിചരണവും അനുസരിച്ച് പരമാവധി ഹോംകെയർ വിസിറ്റ് നടത്താൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താകളും സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി താഴെപറയുന്ന ഭവനനിർമ്മാണ പ്രൊജക്കുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ/പേര് | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 1 | 7/16-17<br>ഭവനനിർമ്മാണം(വനിത) | ₹1,20,000<br>വികസനഫണ്ട് (ജനറൽ) | ₹1,20,000 |
| 2 | 9/16-17<br>ഭവനനിർമ്മാണം (ജനറൽ) | ₹2,00,000<br>തനത് ഫണ്ട് | ₹1,40,000 |

| | | | |
|---|---|---|---|
| 3 | 10/16-17<br>ഭവനനിർമ്മാണം(ആശ്രയ) | ₹2,05,000<br>തനത് ഫണ്ട് | ₹2,05,000 |

മേൽ പ്രൊജക്ടുകളിൽ 7/16-17, 10/16-17 പ്രൊജക്ട് പ്രകാരമുള്ള എല്ലാ ഗുണഭോക്താകളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.എന്നാൽ പ്രൊജക്ട് 9/16-17 പ്രകാരമുള്ള പ്രൊജക്ടിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെകൊടുക്കുന്നു.

| ഗുണഭോക്താക്താവിന്റെ പേരും വിലാസവും | നാളിതുവരെ കൈപ്പറ്റിയതുക | ചെക്ക് നം. തീയതി |
|---|---|---|
| ബിന്ദു . ടി, W/o ശശി. വി.വി<br>വലിയവളപ്പിൽ ഹൗസ്<br>കാടാച്ചിറ | I & II ഗഡുക്കൾ ₹80,000<br>III ഗഡു ₹ 60,000 | DD.No- 128758 dt. 23-2-2015<br>DD.No- 472395 dt. 01-10-16 |
| നൽകുവാൻ ബാക്കിതുക | IV ഗഡു ₹60,000 | |

പ്രസ്തുത ഗുണഭോക്താവിന്റെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നിർവ്വഹണഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ഈ ഗുണഭോക്താവ് ഇപ്പോൾ ഭവനനിർമ്മാണ പ്രവൃത്തി നടത്തിവരുന്നതായി അറിയിച്ചിട്ടുണ്ട്.

## 3-9 ക്ഷേമപെൻഷൻ-രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. പെൻഷൻ വിതരണ നടപടികൾ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നമ്പർ 57414/ഡി,പി 1/2003 ത.സ്വ.ഭ.വ തീയതി 18-12-2003 പ്രകാരം ക്ഷേമപെൻഷൻ അപേക്ഷകളിൽ അർഹത നിർണ്ണയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ച/തിരസ്കരിച്ച അപേക്ഷകളുടെ വിവരങ്ങൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. തൊഴിൽ രഹിതവേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ വേതനം കൈപ്പറ്റിവരുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്. ഗുണഭോക്താക്കളിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദ്ചെയ്യപ്പെട്ട് പ്രത്യേക ഉത്തരവുമൂലം പുതുക്കിയവർക്ക് തൊഴിൽ രഹിതവേതനത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചും പരിശോധന നടത്തേണ്ടതാണ്. ജി.ഒ.(എം.എസ്) 59/2013 സാമൂഹ്യ നീതി വകുപ്പ് തീയതി 20-7-2013 ഉത്തരവിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷീക വരുമാന പരിധി 3 ലക്ഷമായി ഉയർത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധയിനങ്ങളിൽ താഴെപറയുന്ന അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിരുന്നു.

| പെൻഷൻ ഇനം | പെൻഷൻ അനുവദിച്ചവരുടെ എണ്ണം |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 798 |
| വിധവ പെൻഷൻ | 7 |

എന്നാൽ ജി.ഒ.(എം.എസ്) 52/14 സാ.ക്ഷേ.വകുപ്പ് തീയതി-20-6-2014 ഉത്തരവിലൂടെ 3 ലക്ഷമെന്ന വരുമാന പരിധി പിൻവലിക്കുകയും, വരുമാനപരിധി 1 ലക്ഷമായി ഏകീകരിക്കുകയും ചെയ്തു. 3 ലക്ഷം വാർഷീക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച ഗുണഭോക്താവിനും തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ നൽകേണ്ടത് 1ലക്ഷം രൂപ വാർഷീക വരുമാനപരിധി നിശ്ചയിച്ചുകൊണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിധം എണ്ണം ഗുണഭോക്താക്കളുടെ പെൻഷൻ നിർത്തൽ ചെയ്തിട്ടുണ്ട്.

| പെൻഷൻ ഇനം | നിർത്തൽ ചെയ്ത പെൻഷൻ ഗുണഭോക്താകളുടെ എണ്ണം |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 7 |

പെൻഷൻ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്ന DBT സമ്പ്രദായം നിലവിൽ വന്നതിനുശേഷം മരണപ്പെട്ടതും, ആധാർ ഡ്യൂപ്ലിക്കേഷൻ വന്നത് മൂലവും 214 പേരുടെ പെൻഷൻ റദ്ദാക്കിയതായി സെക്രട്ടറി അറിയിക്കുകയുണ്ടായി ആധാർ ഡ്യൂപ്ലിക്കേഷൻ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ഇതിന് മുൻപ് പെൻഷൻ അനുവദിച്ചിരുന്നെങ്കിൽ പ്രസ്തുത തുക കണക്കാക്കി തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല. 2016-17 ൽ പെൻഷൻ വിതരണം ചെയ്തതിൽ ₹10900 ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടക്കുകയുണ്ടായി എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് . DBT സമ്പ്രദായം നിലവിൽ വന്നതിന് ശേഷം തിരികെ വരുന്ന പെൻഷൻതുക ഏതുവിധം തിരിച്ചടക്കണമെന്ന നിർദ്ദേശം ലഭിക്കാത്തതിനാലാണ് തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതായി സെക്രട്ടറി അറിയിച്ചത് ക്ഷേമപെൻഷൻ തുക ഗുണഭോക്താക്കളുടെ അകൗണ്ടുകളിലേക്ക് കൈമാറുന്ന സമ്പ്രദായം നിലവിൽ വന്നതിനാൽ സ്ഥലം മാറിപോയതും, മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ ഈടാക്കാൻ നിലവിൽ സംവിധാനമില്ല. ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പരിശോധച്ച് മരണപ്പെട്ടുപോയ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ ഗുണഭോക്താക്കളുടെ തുടർ പെൻഷൻ അർഹത പരിശോധിക്കുന്നതിനും, പെൻഷൻ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും നടപടിസ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള രജിസ്റ്റർ തയ്യാറാകി വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുത്തേണ്ടതാണ്. ലഭിച്ച അപക്ഷകൾ യഥാസമയം അന്വേഷണത്തിന് സമർപ്പിക്കേണ്ടതും, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, സ്റ്റാൻറ്റിംഗ് കമ്മറ്റി തീരുമാനവും ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് സംബന്ധിച്ച വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ട് വഴിയുള്ളതും, ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിച്ചുനൽകുന്ന വിധത്തിലുള്ളതുമായ പെൻഷൻ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ വിശദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നമ്പർ<br>പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 36/17<br>പാലിയേറ്റീവ് കെയർ | 1,00,000 | ഇല്ല |
| | 3,00,000 | 31/17<br>പനോന്നേരി കനാൽപാലം അംഗൻവാടി നിർമ്മാണം | 3,00,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/<br>പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ<br>തീയ്യതി | തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| KSEB | 144/17<br>കടമ്പൂർ ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം | 25/16-17<br>14-3-2017 | 1,24,000 | 1,24,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹8420 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2010-11, 2011-12 | 2-2 | 5000 | കാടാച്ചിറ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11602100831/13-5-2016 |
| 2008-09 | 3-1 | 400 | ടി. പവിത്രൻ | 11602101779/3-8-2016 |
| 2013-14 | 2-2 | 1250 | സഞ്ജിത്ത് കുമാർ. കെ | 11602100798/11-6-2016 |
| | | 750 | ഷെമി ശ്രീധരൻ | 11602100799/11-6-2016 |
| | | 150 | ഷീന. കെ.സി | 11602100801/11-6-2016 |
| | | 750 | സായൂജ്. എം.കെ | 11602100800/11-6-2016 |
| | | 120 | അനൂപ്. വി | 11602100802/11-6-2016 |
| | ആകെ | 8420 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 2,98,43,530 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 2,89,20,619 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | ₹19,500 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 3-1 | ₹19,500 | ശ്രീ. ഉമേഷ് ബാബു കോട്ടായി, സെക്രട്ടറി |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്./കെ.എൻ.ആർ/സി.2/182 /09(12)തീ.19-4-2012 | 1 |
| 2003-04 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(5)തീ.6-10-2015 | 5 |
| 2004-05 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(4)തീ.6-10-2015 | 4 |
| 2005-06 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(3)തീ.6-10-2015 | 7 |
| 2006-07 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(2)തീ.6-10-2015 | 12 |
| 2007-08 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(2)തീ.6-10-2015 | 17 |
| 2008-09 2009-10 | എൽ.എഫ്./കെ.എൻ.ആർ/സി.2/159 /15(1)തീ.6-10-2015 | 15 |

| | | |
|---|---|---|
| 2010-11 | | |
| 2011-12<br>2012-13 | എൽ.എഫ്./കെ.എൻ.ആർ/സി.2/723<br>/14തീ.5-12-2014 | 23 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.2/1002<br>/16തീ.17-6-2016 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.2/1971<br>/2016തീ. 3-12-2016 | 9 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം1

# Audit Certificate

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1420/2017

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഫോൺ : 0497 2707698

ഇ മെയിൽ : doknr.ksad@kerala.gov.in

തീയ്യതി : 18.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-)o വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX 1

AUDIT CERTIFICATE

No. KSA/KNR/C6/1420/2017

Kerala State Audit Department
District Audit Office Kannur
Phone : 0497 2707698
E-mail: doknr.ksad@kerala.gov.in
Date : 18.09.2017

Certified that I have audited the Annual Financial Statement of Kadambur Grama Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Kadambur Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

## അനുബന്ധം2

# RECEIPT AND PAYMENT STATEMENT OF KADAMBUR GRAMA PANCHAYAT FOR THE

# PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 3385481<br>0 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1141512 |
| 130000000 | Rental Income from Panchayat Properties | RP-3 | 150 |
| 140000000 | Fees & User Charges | RP-4 | 320555 |
| 150000000 | Sale & Hire Charges | RP-5 | 91678 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6710724 |
| 171000000 | Interest Earned | RP-9 | 49898 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17927284 |
| 350000000 | Other Liabilities | RP-36 | 22265 |
| 431000000 | Sundry Debtors (Receivables) | RP-43 | 19489 |
| Non operating | | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 3861 |
| 340000000 | Earmarked Fund | RP-29 | 815 |
| 350000000 | Deposits Received | RP-34 | 158656 |
| 431000000 | Other Liabilities | RP-36 | 121051 |
| 460000000 | Sundry Debtors (Receivables) | RP-43 | 2758568 |
| 460000000 | Loans,Advances and Deposits | RP-47 | 509849 |
| Grand Total | | | 33229011 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2379888 |
| 220000000 | Administrative Expenses | RP-11 | 589130 |
| 230000000 | Operations & Maintenance | RP-13 | 666525 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2537427 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 6637159 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 349283 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 585578 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 860280 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | RP-20 | 3505212 |
| 280000000 | Prior Perid Items | RP-26 | 10291 |
| 350000000 | Othes Liabilities | RP-36 | 4298592 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 92180 |
| 340000000 | Deposits Received | RP-34 | 125199 |
| 350000000 | Other Liabilities | RP-36 | 1692853 |
| 410000000 | Fixed Assets | RP-38 | 1597823 |
| 412000000 | Capital Work in Progress | RP-40 | 2099724 |
| 460000000 | Loans, Advances and Deposits | RP-47 | 893475 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 4308392<br>0 |
| Grand Total | | | 33229011 |

## അനുബന്ധം3

# INCOME AND EXPENDITURE STATEMENT OF KADAMBUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3588208 |
| 130000000 | Rental Income from panchayat properties | I-3 | 150 |
| 140000000 | Fees & User Charges | I-4(b) | 561205 |
| 150000000 | Sale & Hire Charges | I-5(b) | 91678 |
| 151000000 | Receipts from Transferrred Institutions | I-5(a) | 7175 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 59031118 |
| 171000000 | Interest Earned | I-8 | 49898 |
| 180000000 | Other Income | I-9 | 3861 |
| A | Total Income | | 63333293 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7892024 |
| 220000000 | Administrative Expenses | I-11(b) | 589130 |
| 230000000 | Operations & Maintenance | I-12(b) | 666525 |
| 240000000 | Interest & Finance Charges | I-13 | 92180 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5839854 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 9069930 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 349283 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 585578 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 33203380 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | I-14(e) | 3505212 |
| 272000000 | Depreciation | I-17(a) | 6966767 |
| B | Total Expenditure | | 68759863 |
| C=A-B | Gross Surplus / Defict Income over Expenditure | | -5426570 |
| D= 280000000 | Prior Period Item | I-18 | -41428 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -5385142 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

അനുബന്ധം4

# BALANCE SHEET OF KADAMBUR GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -954348 |
| 311000000 | Earmarked Funds | B-2 | 17114 |
| 312000000 | Reserves | B-3 | 17055125 |
| | Total Reserve & Surplus | | 16117891 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1118257 |
| | Total Grants,Contribution for specific purposes | | 1118257 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 293751 |
| 350000000 | Other Liabilities | B-9 | 801274 |
| | Total Current Liabilities and Provisions | | 1095025 |
| | TOTAL LIABILITIES | | 18331173 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 26570823 |
| 411000000 | Accumulated Depreciation | B-11 | -14670672 |
| 412000000 | Capital Work In Progress | B-11(a) | 429185 |
| | Total Fixed Assets | | 12338336 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1644040 |

| | | | |
|---|---|---|---|
| 450000000 | Cash and Bank balance | B-17 | 4308392 |
| 460000000 | Loans, Advances and Deposits | B-18 | 40405 |
| | Total Current Assets,Loans and Advances | | 5992837 |
| | TOTAL ASSETS | | 18331173 |